# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/127/2018 2018 ജൂൺ 13

## പത്രക്കുറിപ്പ്

**എം.ജി. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ഈ മാസം 25 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഈ മാസം 25 മുതൽ ആരംഭിക്കും. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/പട്ടിക വർഗ്ഗ (എസ്.സി./എസ്.ടി.)/സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ്.ഇ.ബി.സി.)/മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഇ.ബി.എഫ്.സി.) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ് വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീസ് ഒടുക്കേണ്ടതാണ്. പൊതുവിഭാഗത്തിന് 1100 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550 രൂപയുമാണ് അപേക്ഷാഫീസ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാവുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക്ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 29 വരെ നടത്താം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 9ന് നടത്തും.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ഈ മാസം 28-ാം തീയതിക്കകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇമെയിൽ : pgcap@mgu.ac.in

**എം.ജി. ബിരുദ ഏകജാലകം: ആദ്യ അലോട്ട്മെന്റ് ജൂൺ 18ന് പ്രസിദ്ധീകരിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ജൂൺ 18ന് പ്രസിദ്ധീകരിക്കും. പ്രവേശനത്തിന് അർഹത നേടുന്നവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഈ മാസം 20ന് വൈകുന്നേരം 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂൺ 20നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്ന പക്ഷം പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. ജൂൺ 21 മുതൽ 22 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിര പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ് വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിലേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ക്യാറ്റ് – എം.ജി.യു. 2018-19: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ പ്രവേശനപരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. യോഗ്യരായ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സെലക്ട് ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും. റാങ്ക് ലിസ്റ്റ് www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 9526261718.

**മഹാത്മാഗാന്ധി സർവ്വകലാശാല ഇനിമുതൽ കൂടുതൽ വിദ്യാർത്ഥിസൗഹൃദമാകുന്നു**

സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ ചരിത്രപരമായ പുതിയ തീരുമാനത്തിലൂടെ മഹാത്മാഗാന്ധി സർവ്വകലാശാല കൂടുതൽ വിദ്യാർത്ഥി സൗഹൃദമായി മാറുകയാണെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ. പരീക്ഷാഫല സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലാ അസംബ്ലിഹാളിൽ നടത്തിയ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അക്കാദമിക് കോഴ്സിനോടൊപ്പം പാഠ്യേതര രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്ന എൻ.സി.സി., എൻ.എസ്.എസ്. അംഗങ്ങൾ, സ്പോർട്സ്, കൾച്ചറൽ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കുചേർന്ന വിദ്യാർത്ഥികൾ കൂടാതെ, ശാരീരിക ന്യൂനതകൾ ഉള്ള വിദ്യാർത്ഥികൾ എന്നിവർക്ക് സർവ്വകലാശാല നൽകുന്ന ഔദാര്യമല്ല, അവകാശമാണ് ഗ്രേസ് മാർക്ക് എന്ന് വൈസ് ചാൻസലർ പറഞ്ഞു. അത് ഉന്നതപഠനത്തിന് ഉതകുന്ന രീതിയിൽ പരീക്ഷയിൽ ലഭിച്ച മാർക്കിനൊപ്പം കാലവിളംബം കൂടാതെ ചേർത്തു നൽകി വിജയം ഉറപ്പുവരുത്തുന്നതിനാണീ അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളത്.

പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു തോമസ്, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പ്ര, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. പ്രവീൺകുമാർ, ശ്രീ. ടോമിച്ചൻ ജോസഫ്, അഡ്വ. പി.കെ. ഹരികുമാർ, ഡോ.കെ. ഷെറഫുദ്ദീൻ എന്നിവർ പങ്കെടുത്തു. കീഴൂർ ഡി.ബി. കോളേജിലെ ബി.എ. മലയാളം വിദ്യാർത്ഥിയായ അഖിൽ ടി.വി.ക്ക് തിരുത്തിയ മാർക്ക് ലിസ്റ്റ് ബഹു. വൈസ് ചാൻസലർ നൽകി.

**അടിക്കുറിപ്പ്**

**പരീക്ഷാഫല സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലാ അസംബ്ലിഹാളിൽ നടത്തിയ അദാലത്ത് അഖിൽ ടി.വി.ക്ക് തിരുത്തിയ മാർക്ക് ലിസ്റ്റ് നൽകി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.**

**എം.ജി.: പരീക്ഷാഫല പ്രഖ്യാപനത്തിൽ ഇനിയും റെക്കോഡുകളിലേക്ക്**

പരീക്ഷാഫലപ്രഖ്യാപനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് മറ്റൊരു പൊൻതൂവൽക്കൂടി. കേവലം പത്ത് ദിവസത്തിനുള്ളിൽ പി.എച്ച്.ഡി. അഭിരുചി പരീക്ഷാഫലം (WAT) പ്രസിദ്ധീകരിച്ചാണ് സർവ്വകലാശാല ചരിത്രമെഴുതിയത്. 25 വിവിധ വിഷയങ്ങളിൽ അറുനൂറോളം വിദ്യാർത്ഥികളുടെ പരീക്ഷാഫലമാണ് പത്ത് ദിവസത്തിനുള്ളിൽ പ്രഖ്യാപിച്ചത്. നാലുദിവസം മാത്രമെടുത്താണ് ഉത്തരക്കടലാസ് പരിശോധനാ ക്യാമ്പ് പൂർത്തിയാക്കി സർവ്വകലാശാല ഈ നേട്ടം കൊയ്തതെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.സി.എ. (2013 അഡ്മിഷന് മുമ്പ് - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) ഫെബ്രുവരി 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20ന് തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മെയ് മാസം തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്.) സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷയുടെ കഥകളി - വേഷം പ്രാക്ടിക്കൽ ജൂൺ 18 മുതൽ 19 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി.എച്ച്.ഡി. അഭിരുചി പരീക്ഷാഫലം**

2018 ജൂൺ 2ന് നടത്തിയ പി.എച്ച്.ഡി. അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്ക് ലിസ്റ്റും phd.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനവരിയിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. (എൻവയോൺമെന്റൽ ആന്റ് അറ്റ്മോസ്ഫെറിക് സയൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**